കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
e-mail: ddhglfalpy@gamil.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽപി-പി14-1241/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ. തീയതി. 03.11.2017

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gamil.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ. ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽപി-പി14-1241/17 തീയതി: 03.11.2017

## ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 19.01.2017 മുതൽ 31.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2017 മുതൽ 27.09.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)<br>ശ്രീമതി.മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>ശ്രീ.സുനിൽ കുമാർ.ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജലജ രവീന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. ജോയി മാത്യു | 01.04.2016മുതൽ 14.10.2016വരെ |

| | | |
|---|---|---|
| | ശ്രീ. ഷാജഹാൻ.വൈ (അധികച്ചുമതല) | 15.10.2016 മുതൽ 28.12.2016 വരെ |
| | ശ്രീമതി. അനിലകുമാരി.കെ.പി | 29.12.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാജേന്ദ്ര പ്രസാദ് | 01.04.2016മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.അമ്പിളി തങ്കപ്പൻ | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണകുമാരി.എസ് | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. മിന്റോ മാർക്കോസ് | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.പ്രമോദ് | 01.04.2016മുതൽ 06.08.2016വരെ |
| | ഡോ.എസ്.ഗിരിജ | 07.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.പത്മജ | 01.04.2016മുതൽ 17.01.2017വരെ |
| | ഡോ.പ്രീത നായർ | 21.01.2017 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ആനി കുരുവിള | 01.04.2016മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൂസൻ വർഗ്ഗീസ് | 01.04.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ശ്രീ.ജയകൃഷ്ണൻ | 01.04.2016മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 3 | 2-2 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. |
| 4 | 2-3 | ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 13680/- രൂപ തിരികെ ലഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ് |
| 5 | 2-4 | ഓഡിറ്റ് ഇംപാക്ട് |
| 6 | 3-1 | അഗതിആശ്രയ-പദ്ധതിനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.അഗതികൾ അവഗണിക്കപ്പെടുന്നു. |
| 7 | 3-2. | വാങ്ങൽ പ്രോജക്ടുകൾ - മത്സരസ്വഭാവം ഉറപ്പാക്കുന്നില്ല. |
| 8 | 3-3 | ഫ്രണ്ട് ഓഫീസിനായുള്ള വാങ്ങലുകൾ : സ്ഥല സൌകര്യം പരിഗണിക്കാതെ വാങ്ങലുകൾ നടത്തുന്നു. |
| 9 | 3-4 | വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ |
| 10 | 3-5 | മരാമത്തു പ്രവർത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നു. |
| 11 | 3-6 | തിരുവൻവണ്ടൂർ പാടശേഖര തോട് മുതൽ വരട്ടാർ വരെ വീതിയും ആഴവും കൂട്ടി സൈഡുകളിൽ ബണ്ടു നിർമ്മാണം --പ്രവർത്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക വേതനമായി ചെലവഴിച്ചു |
| 12 | 3-7 | പത്താം തരം തുല്യതാ പരീക്ഷ – പഠിതാക്കളുടെ ഫീസ് അടച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 13 | 3-8 | ഒ.ഡി.എഫ് പ്രോജക്ട് -അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി |
| 14 | 3-9 | പാലിയേറ്റീവ് പരിചരണം - ആധികാരികമല്ലാത്ത രേഖകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചു |
| 15 | 3-10 | മരുന്നുകൾ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 16 | 3-11 | അംഗീകാരമില്ലാത്ത ഫാമുകളിൽ നിന്ന് മുട്ടക്കോഴികളെ വാങ്ങി |
| ഭാഗം – 4 | | |
| 17 | 4-1 മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 18 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം & ഇംഗ്ലീഷ്) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016ലെ തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 67511679 | 66361799 |
| വാർഷിക കണക്ക് പ്രകാരം | 26584826 | 24157151 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6788742 | 4897923 | 72.14% |
| വികസനഫണ്ട് എസ്.സി.പി. | 3164022 | 1400710 | 44.26% |
| വികസനഫണ്ട് ടി.എസ്.പി. | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 3600882 | 1043303 | 28.97% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2627433 | 1443173 | 54.92% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3807207 | 1103002 | 28.97% |
| പെർഫോമൻസ് ഗ്രാന്റ് | 2006092 | 841512 | 41.95% |
| എം.എൻ.ആർ. ഇ. ജി.എസ്. | 29418 (മുന്നിരുപ്പ്)<br>9674094 (വരവ്) | 9577045 (ചെലവ്)<br>126467(നീക്കിയിരുപ്പ്) | 98.70% |
| ബി ഫണ്ട് | 23698730 | 23698730 | 100% |

വികസന ഫണ്ട് ജനറൽ, സംരക്ഷണ ഗ്രാന്റ് നോൺ റോഡ് എന്നിവയൊഴികെയുള്ള ഫണ്ടുകൾ 50% ത്തിൽ താഴെമാത്രമാണ് വിനിയോഗിക്കപ്പെട്ടത്. സർക്കാർ ഗ്രാന്റുകൾ പരമാവധി വിനിയോഗിക്കുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട ജീവനക്കാരുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 139 | 29394247 | 86 | 12429123 | 0 | 53 | 61.87% |

## 1-5 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 47.3 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3384409 | 4833971 | (+)1449562 | (+)42.83 |
| നികുതിയേതര വരവുകൾ | 347546 | 666132 | (+)318586 | (+)91.67 |
| ആകെ | 3731955/- | 5500103 | (+)1768148/- | (+)47.3 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22680 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 1747150 | 158 |
| വിധവാപെൻഷൻ | 3735670 | 385 |
| വാർദ്ധക്യകാലപെൻഷൻ | 16645260 | 1417 |
| വികലാംഗപെൻഷൻ | 1301390 | 129 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90000 | 03 |
| അവിവാഹിത പെൻഷൻ | 156580 | 18 |
| ആകെ | 23698730 | 2125 |

2125 ഗുണഭോക്താക്കൾക്കായി 23698730/- രൂപ വിവിധ പെൻഷൻ ഇനങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21917/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-8 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകൾക്കായി ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഫയലുകളും അവശ്യ രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിൽ ശുഷ്കാന്തി കാണിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് അടിസ്ഥാന സൌകര്യങ്ങൾ കുറവാണെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സർക്കാർ ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വളരെ പിന്നാക്കം നിൽക്കുന്നു. പ്രോജക്ടുകൾ നടത്തിക്കുന്നതിനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കാൻ ഭരണസംവിധാനത്തിന് കഴിഞ്ഞിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.08.2017 | 06/2017 വരെ | 15.09.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2004 മുതൽ 13.01.2005 വരെ | 1997-98 മുതൽ 2003-04 വരെ | 17.12.2005 |

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

പല സ്ഥാപനങ്ങളുടേയും ഡി & ഒ ലൈസൻസ് അപേക്ഷയിൽ യഥാർത്ഥ പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. ചില സ്ഥാപനങ്ങൾ ലൈസൻസ് അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്താതിരിക്കുകയോ ചില സ്ഥാപനങ്ങൾ പ്രതിദിനവിറ്റുവരവ് കുറച്ച് കാണിക്കുകയോ ചെയ്യുന്നതിനാൽ നിയമാനുസൃതം ഈടാക്കേണ്ട ഡി & ഒ ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. പല അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ വിശദമായ റിപ്പോർട്ടില്ല. പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള ഉയർന്ന വിറ്റുവരവുള്ള സ്ഥാപനങ്ങൾ പോലും അപേക്ഷയിൽ വരുമാനം കുറച്ച് കാണിക്കുന്നതിനാൽ നിയമപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട ഫീസ് ഈടാക്കാനാകുന്നില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിറ്റുവരവ് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഫീസ് ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. കെട്ടിടം നിർമ്മിക്കുന്ന വാർഡ് നമ്പർ, കെട്ടിടത്തിന്റെ വിസ്തീർണ്ണം, FAR സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നില്ല, പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നികുതി നിർണ്ണയ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. പെർമിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 13680/- രൂപ തിരികെ ലഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ 3 മരാമത്തു പ്രവർത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ 13680/- രൂപ 2016-17 വർഷം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ടി തുക ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനമാകയാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഓഡിറ്റ് ഇംപാക്ട്

ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നീ ഇനങ്ങളിൽ നിയമാനുസൃത ഫീസ് ഈടാക്കാതിരുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ലൈസൻസ് ഫീസിനത്തിൽ 4200/- രൂപയും ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ പലിശ ഉൾപ്പെടെ 3194/- രൂപയും സ്ഥാപനനികുതിയിനത്തിൽ 1250/- രൂപയും ഈടാക്കുകയുണ്ടായി.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഗതിആശ്രയ-പദ്ധതിനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടുന്നില്ല.അഗതികൾ അവഗണിക്കപ്പെട്ടുന്നു.

1. അഗതിആശ്രയ-ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ.
   തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിൽ ഒന്നാം ഘട്ട പ്രോജക്ടിൽ 16 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 28 ഗുണഭോക്താക്കളുമാണുള്ളത്. ഇവരുടെ അടിസ്ഥാന സൌകര്യ ആവശ്യങ്ങളും ലഭിച്ച ആനുകൂല്യങ്ങളും സംബന്ധിച്ച് വിവരം താഴെകൊടുക്കുന്നു.

| ഇനം. | ഒന്നാംഘട്ട പ്രോജക്ട് | രണ്ടാംഘട്ട പ്രോജക്ട് |
|---|---|---|
| വീട് വെക്കാൻ സ്ഥലം ആവശ്യമുള്ളവർ. | 12 | 5 |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 6 | 0 |
| വീട് ആവശ്യമുള്ളവർ | 13 | 8 |
| വീട് ലഭിച്ചവർ | 1 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 3 | 18 |
| ആനുകൂല്യം ലഭിച്ചവർ | 1 | 0 |
| കക്കൂസ്സ് ആവശ്യമുള്ളവർ | 13 | 23 |
| നാളിതുവരെ ലഭിച്ചവർ | 1 | 0 |

| | | |
|---|---|---|
| കുടിവെള്ളം ആവശ്യമുള്ളവർ | 16 | 25 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

ആശ്രയപദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിറവേറ്റപ്പെടേണ്ടതും,വീട് വക്കാൻസ്ഥലം,വീട്,കുടിവെള്ളം,കക്കൂസ്സ്,വീട് റിപ്പയർ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനം വഹിക്കേണ്ടതുമാണ്.പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അടിസ്ഥാനആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്റ്റുകളിലെ ആദ്യഗുണഭോക്താക്കളായി ആശ്രയപദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെആവശ്യങ്ങൾനിറവേറ്റപ്പെടേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ അടിസ്ഥാനആവശ്യങ്ങൾക്കായുള്ള പദ്ധതികളിൽ ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടത്ര പരിഗണന നൽകിയില്ല. ആദ്യഘട്ട ഗുണഭോക്താക്കളിൽ 12 ഗുണഭോക്താക്കൾ ഭൂരഹിതഭവന രഹിതർ ആയിരുന്നു. ഇതിൽ 6 പേർക്ക് ഭൂമിവാങ്ങിനൽകിയിട്ടുണ്ട്.എന്നാൽ ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഭൂമി ഉണ്ടായിരുന്ന ഒരാൾക്ക് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് ഗ്രാമപഞ്ചായത്ത് നൽകിയതല്ല. ജില്ലാപഞ്ചായത്തിൽ നിന്നുള്ള ധനസഹായമായിരുന്നു.ജനകീയാസൂത്രണം നടപ്പിലായതിനു ശേഷം ഇതുവരെ ഏകദേശം നൂറിലധികം വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഏറ്റവും അർഹരായവരുടെ ആവശ്യം നിറവേറപ്പെടുന്നതിന് മുമ്പ് അതിലും ഉയർന്നശേഷിയുള്ള മറ്റുവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നു.ആശ്രയപദ്ധതിയിൽപ്പെട്ടവരുടെആവശ്യങ്ങൾ വർഷങ്ങൾക്കുശേഷവും നിറവേറപ്പെടാതെ പോകുന്നു. ഇത് ക്രമപ്രകാരമല്ല. അടിസ്ഥാന സൌകര്യവികസനത്തിൽ അഗതികുടുംബാംഗങ്ങൾക്ക് പ്രഥമപരിഗണന നൽകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ഭരണസമതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

2. ഭവനനിർമ്മാണത്തിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല.
രണ്ടാംഘട്ട പ്രോജക്ടിൽപ്പെട്ട ഉഷാ രാജപ്പൻ, മാവേലിത്തറ എന്ന വ്യക്തിക്ക് 250000/- രൂപ അനുവദിച്ചു എങ്കിലും വീട് വേണ്ട എന്ന് രേഖാമൂലം എഴുതി നൽകിയതിനാൽ ആനുകൂല്യം നൽകിയില്ല. നിലവിൽ വീടിന് തുക അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം ഇപ്പോൾ ആവശ്യമില്ലാത്ത പക്ഷം ആനുകൂല്യം ആവശ്യമുള്ള അർഹരായ അഗതികൾക്ക് ജില്ലാപഞ്ചായത്തിന്റെ അനുവാദത്തോടെ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ശ്രമിച്ചില്ല. തുക നിയമപരമായ രീതിയിൽ അർഹരായവർക്ക് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചതുക തിരികെ നൽകേണ്ടതാണ്.

3. വിലയിരുത്തൽ സമിതികൾ നിഷ്ക്രിയം.
ലഭ്യമാക്കിയ വിവരങ്ങളിൽ നിന്ന് അഗതികുടുംബങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ സംബന്ധിച്ച് കൃത്യമായ വിവരശേഖരണമോ മോണിറ്ററിംഗോ നടക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ആശ്രയപദ്ധതി മോണിറ്ററിംഗിനായി ഒരു വിലയിരുത്തൽ ഉപസമതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഈ സമതി ആശ്രയ പ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ വിധത്തിലുള്ള വിലയിരുത്തലുകൾ ഭരണസമതിയുടെ ഭാഗത്തു നിന്നോ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടാകുന്നില്ല. ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയിൽ നിന്ന് ഭക്ഷണം നടത്തുന്നു എന്നല്ലാതെ മറ്റ് അടിസ്ഥാന ആവശ്യങ്ങളോ, അതിജീവനാവശ്യങ്ങളോ തിട്ടപ്പെടുത്തുകയോ പരിഹരിക്കപ്പെടുകയോ ചെയ്യാത്തത് അത്യന്തം

ഗൌരവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പുനർനിർണ്ണയിക്കേണ്ടതും അടിസ്ഥാന ആവശ്യങ്ങൾക്ക് അർഹരായവരെ അതാത് ഗുണഭോക്തൃപട്ടികയുടെ ആദ്യഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

4. ചലഞ്ച് ഫണ്ട് -നീക്കിയിപ്പ് വിവരം.
ഗ്രാമപഞ്ചായത്ത് അഗതി ആശ്രയ പദ്ധതിക്കായുള്ള ഒന്നാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 1500000/- രൂപയും രണ്ടാം ഘട്ടചലഞ്ച് ഫണ്ടിനത്തിൽ 333333/- രൂപയും ആണ് ലഭിച്ചിട്ടുള്ളത്. ഈ അക്കൌണ്ടിൽ 31-3-2017ൽ 1760845/- രൂപ അവശേഷിക്കുന്നു. വീട് നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 250000/- രൂപയും കമ്പ്യൂട്ടറിന് അനുവദിച്ച തുകയിൽ നീക്കിയിരിപ്പ് 58000/- രൂപയുമാണ് നീക്കിയിരുപ്പിൽ ഉൾപ്പെടുന്നത്.

5. ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം.
ഭക്ഷണത്തിനു വേണ്ടി മാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്കഅംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്.എങ്കിലും ചികിൽസാസഹായം ലഭിക്കുന്നില്ല. GO (MS) No. 4/2016, തീയതി. 11-01-2016 പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുബന്ധം 13ഖണ്ഡിക6-3(9) പ്രകാരംഅഗതി കുടുംബങ്ങൾക്ക് ചികിൽസാചെലവ് സൌജന്യമായി ലഭ്യമാക്കണമെന്നും ആവശ്യമെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായവർക്ക് ചികിൽസാ രേഖകളും ബില്ലുകളും ഹാജരാക്കുന്നമുറയ്ക്ക് ചികിൽസാ സഹായം നൽകാവുന്നതാണ്. കൂടാതെ ഖണ്ഡിക6-11(9) പ്രകാരം ചലഞ്ച് ഫണ്ടിന്റെ 1% റിസർവ് ഫണ്ടായി സൂക്ഷിക്കാവുന്നതും അഗതി കുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഇവയ്ക്ക് സി.ഡി.എസ്സ് തീരുമാനപ്രകാരം ചെലവഴിക്കാവുന്നതുമാണ്. അഗതികുടുംബങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾതയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജിവനക്കാരും ഭരണസമതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 <u>വാങ്ങൽ പ്രോജക്ടുകൾ - മത്സരസ്വഭാവം ഉറപ്പാക്കുന്നില്ല.</u>

പഞ്ചായത്ത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കിയ വാങ്ങൽ പദ്ധതികളിൽ മിക്കവയ്ക്കും ഒന്നോ രണ്ടോ ക്വട്ടേഷനുകൾമാത്രമാണ് ലഭിച്ചത്. മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ലഭിച്ചില്ല എങ്കിലും റീടെണ്ടർ ചെയ്യാതെ വാങ്ങൽ നടപടികളുമായി മുന്നോട്ടുപോകുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | പദ്ധതിയുടെ പേര്. | ടെണ്ടറുകളുടെ എണ്ണം. | അടങ്കൽ തുക |
|---|---|---|---|
| 1. | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | ഒന്ന്. | 167200 |
| 2 | ഗവ.സ്കൂളിന് മൈക്ക്സെറ്റ്. | രണ്ട്. | 110000 |
| 3 | തെരുവു വിളക്ക്ഉപകരണങ്ങൾ | രണ്ട്. | 189150 |
| 4 | വി.ഇ.ഒ.ഓഫീസിലേക്ക് കമ്പ്യൂട്ടർ | രണ്ട്. | |
| 5 | ഫ്രണ്ട് ഓഫീസിൽ കസേരകൾ വാങ്ങൽ | രണ്ട്. | 29000 |
| 6 | ആട്ടോമാറ്റിക് സി.എഫ്.എൽ.വാങ്ങൽ | രണ്ട്. | 59200 |
| 7 | സാധാരണ സി.എഫ്.എൽവാങ്ങൽ | രണ്ട്. | 117000 |

പ്രൊക്യുർമെന്റ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിനും മത്സര സ്വഭാവം ഉറപ്പ് വരുത്തുന്നതിനും പർച്ചേസിംഗ് ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഫ്രണ്ട് ഓഫീസിനായുള്ള വാങ്ങലുകൾ : സ്ഥല സൌകര്യം പരിഗണിക്കാതെ വാങ്ങലുകൾ നടത്തുന്നു.

I (എ) ഫ്രണ്ട് ഓഫീസിന് കസേര വാങ്ങൽ.

പ്രോജക്റ്റ് നം. 91/2017

ബിൽ നം. 899/17പ്രകാരം 31-3-2017 തീയതിയിൽ 29000/- രൂപക്ക് തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിൽ നിന്നും മൂന്ന് എയർപ്പോർട്ട് കസേരകൾ വാങ്ങിയിരുന്നു. എന്നാൽ ഫ്രണ്ട് ഓഫീസിനു സമീപം പൊതുജനങ്ങൾക്ക് ഇരിക്കുന്നതിനുള്ള സ്ഥലസസൗകര്യമില്ലാത്തതിനാൽ ഈ കസേരകൾ ഇപ്പോൾ പഞ്ചായത്ത് ഓഫീസിനു മുകളിൽ ഹാളിൽ സൂക്ഷിച്ചിരിക്കുകയാണ്.

I (ബി) ഫ്രണ്ട് ഓഫീസിന് ടി.വി വാങ്ങൽ.

പ്രോജക്റ്റ് നം. 89/17

ബിൽ നം. 776/17, തീയതി. 17-3-2017പ്രകാരം 24500/- രൂപക്ക് ഒരു എൽ.ഇ.ഡി. ടി.വി. വാങ്ങിയത് ഫ്രണ്ട് ഓഫീസിനുള്ളിലാണ് സൂക്ഷിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസിനു സമീപം ഇരിക്കുന്നതിനോ, നിൽക്കുന്നതിനോ പോലും ഉള്ള സ്ഥലസൌകര്യം ഇല്ല. സ്ഥലപരിമിതികൾ ഉണ്ടായിട്ടും ഫ്രണ്ട് ഓഫീസിനായി മേൽപ്പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയെങ്കിലും പ്രയോജനപ്പെടാത്ത അവസ്ഥയാണ്.

സർക്കാർ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിന് വേണ്ടിമാത്രം ചെലവുനടത്തുന്ന പ്രവണത ഒഴിവാക്കി പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

II. ഫ്രണ്ട് ഓഫീസിന് ടി.വി വാങ്ങൽ; താരതമ്യപ്പെടുത്തൽ ക്രമപ്രകാരമല്ല.

ഫ്രണ്ട് ഓഫീസിന് ടി.വി. വാങ്ങലിനായി 6-1-2017ൽ ക്വട്ടേഷൻ വിളിച്ചതിൽ മൂന്ന് ക്വട്ടേഷൻ ലഭിച്ചിരുന്നു. R&G INFOSYSTEM, Thiruvalla L.G യുടെ 32' TV 24500/- രൂപയ്ക്കും, ഐഡിയൽ ഇൻഫോടെക് എന്ന സ്ഥാപനം സാംസങ്ങിന്റെ TV 26000/- രൂപയ്ക്കും, GAUSEOR, Changanassery എന്ന സ്ഥാപനം സോണി TV 27300/- രൂപയ്ക്കും ക്വോട്ടുചെയ്തു. മൂന്നു സ്ഥാപനങ്ങളും മൂന്ന വ്യത്യസ്ത ബ്രാന്റ്കളാണ് ക്വോട്ട് ചെയ്തത് ഇവ തമ്മിൽ താരതമ്യപ്പെടുത്താൻ സാധ്യമല്ല. എന്നാൽ ഇവ താരതമ്യപ്പെടുത്തി കുറഞ്ഞവില എന്ന കാരണത്താൽ R&G infosystem ത്തിൽ നിന്ന് വാങ്ങൽ നടത്തി. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ - അപാകങ്ങൾ

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം ഗുണഭോക്താക്കൾ ആനുകൂല്യം നൽകിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാല്യുവേഷനിൽ അധികരിച്ച് ചെലവ് നടത്തി.

   പ്രോജക്ട് നമ്പർ - 127/17
   ബിൽ നമ്പർ - 9/16-17, തീയതി. 31.03.2017

   എ. പി. ചന്ദ്രൻ, ആശാരിപറമ്പിൽ, എന്ന വ്യക്തിക്ക് ഭവന പുനരുദ്ധാരണ പ്രോജക്ടിന് ആനുകൂല്യം നൽകിയിരുന്നു. ഓവർസിയറുടെ വാല്യുവേഷൻ പ്രകാരം 21030/- രൂപയ്ക്കുള്ള പുനരുദ്ധാരണ പ്രവർത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. എന്നാൽ ഈ ഗുണഭോക്താവിനായി 25000/- രൂപ നൽകിയിട്ടുണ്ട്. അധികമായി നൽകിയ 3970/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അധികചെലവ് ഉത്തരവാദിയായ വി.ഇ.ഒ. (ശ്രീ. ജയകൃഷ്ണൻ) യിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. (എ) കിണർ നിർമ്മാണം പ്രോജക്ട് (126/17) പ്രകാരം 19 ഗുണഭോക്താക്കൾക്കായി 323000/- രൂപ (ബിൽ നമ്പർ 4/22.03.2017, 51000/-, ബിൽ നമ്പർ 8/16-17, തീയതി. 31.03.2017, 221000/- ബിൽ നമ്പർ. 11/31.03.2017, 51000/-) പിൻവലിച്ചിരുന്നു. എന്നാൽ 3 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയുള്ളൂ. അവശേഷിക്കുന്ന 16 ഗുണഭോക്താക്കൾ ആനുകൂല്യം നൽകിയതായുള്ള ട്രഷറി സ്റ്റേറ്റ്മെന്റിൽ ട്രഷറി ഓഫീസറുടെ ഒപ്പോ സീലോ പതിപ്പിച്ചിട്ടില്ല. ആയതിനാൽ ഈ രേഖ ആധികാരികമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ഹാജരാക്കുന്നതിനാൽ 16 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി പിൻവലിച്ച 272000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

   (ബി) ഭവന പുനരുദ്ധാരണം പ്രോജക്ട് (പ്രോജക്ട് നമ്പർ 127/17) പ്രകാരം 34 ഗുണഭോക്താക്കൾക്കായി 822963/- രൂപ (ബിൽ നം. 7/31.03.2017, 500000/- രൂപ, ബിൽ നം. 5/31.03.2017, 25000/- രൂപ, ബിൽ നം. 9/31.03.2017, 297963/- രൂപ) പിൻവലിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് ആനുകൂല്യം നൽകിയതായുള്ള ട്രഷറി സ്റ്റേറ്റ്മെന്റിൽ മാത്രമേ ട്രഷറി ഓഫീസറുടെ ഒപ്പും സീലും പതിപ്പിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 33 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായുള്ള സ്റ്റേറ്റ്മെന്റിൽ ട്രഷറി ഓഫീസർ ഒപ്പോ സീലോ പതിപ്പിച്ചിട്ടില്ല. ആയതിനാൽ ഈ രേഖ ആധികാരികമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ഹാജരാക്കാതിരുന്നതിനാൽ നിരാകരിച്ച 3970/- രൂപ ഒഴികെയുള്ള ചെലവ് തുക 793993/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 <u>മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നു.</u>

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 61 പദ്ധതികൾക്കു അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ 11 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 61 പദ്ധതികൾക്കായി 12811336/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 1868814/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ആകെ ചെലവ് 14.58%. അംഗീകാരം ലഭിച്ച 12 ടാറിംഗ് വർക്കുകളിൽ ഒന്നു പോലും നടപ്പിലാക്കിയില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കു വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും ഒന്നും തന്നെ നടപ്പിലാക്കാൻ സാധിച്ചില്ല.

പദ്ധതികൾ നടപ്പിലാക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചതിലുള്ള കാലതാമസം, ജീവനക്കാരുടെ അഭാവം എന്നിവയാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തിനു വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ നഷ്ടപ്പെട്ടു പോകുന്നത് ഗുരുതരമായ വീഴ്ചയാണ്. ഭരണസമിതിയുടെയും, ജീവനക്കാരുടെയും സമുചിതമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിനു നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 3-6 തിരുവൻവണ്ടൂർ പാടശേഖര തോട് മുതൽ വരട്ടാർ വരെ വീതിയും ആഴവും കൂട്ടി സൈഡുകളിൽ ബണ്ടു നിർമ്മാണം --പ്രവർത്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക വേതനമായി ചെലവഴിച്ചു

2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച തിരുവൻവണ്ടൂർ പാടശേഖര തോട് മുതൽ വരട്ടാർ വരെ വീതിയും ആഴവും കൂട്ടി സൈഡുകളിൽ ബണ്ടു നിർമ്മാണം എന്ന പ്രവർത്തിയുടെ ആകെ മൂല്യം 176640/- രൂപയാണ്. (എം. ബുക്ക് നം. 38/16-17, പേജ് 4) എന്നാൽ വേതനം ഇനത്തിൽ 6 മസ്റ്റർ റോളുകളിലായി 207120/- രൂപ ചെലവഴിച്ചു. മൂല്യ നിർണ്ണയത്തിൽ അധികമായി 30480/- രൂപ ചെലവഴിച്ചതിനു (വേജ് ലിസ്റ്റ് ഡേറ്റ് 17-03-17) വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (6/22-09-17) നു മറുപടി ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 30480/- രൂപ അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-7 പത്താം തരം തുല്യതാ പരീക്ഷ – പഠിതാക്കളുടെ ഫീസ് അടച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

എച്ച്.എം. നടപ്പാക്കിയ പത്താം തരം തുല്യതാ പഠനം പ്രോജക്ട് (പ്രോജക്ട് നം. S0080/17) പ്രകാരം 9 പഠിതാക്കൾക്കളുടെ (2000/- രൂപ വീതം) ഫീസിനത്തിൽ 18000/- രൂപ (ബിൽ നം. 2/2.3.17) സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനായി പിൻവലിച്ചിരുന്നു. എന്നാൽ സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/25.9.17) കൈപ്പറ്റ രസീതും ധന വിനിയോഗ സാക്ഷ്യ പത്രവും ലഭിക്കുന്നതിന് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ രേഖകൾ ലഭിച്ചിട്ടില്ലായെന്നും രേഖകൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിരുന്നു. നാളിതുവരെ തുകയുടെ കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-8 ഒ.ഡി.എഫ് പ്രോജക്ട് -അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

വി.ഇ.ഓ. നിർവ്വഹണം നടത്തിയ ഒ.ഡി.എഫ് പ്രോജക്ട് (പ്രോജക്ട് നം. 4/17) ലിസ്റ്റിൽ ഉൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂറായി 7500/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ നിലവിൽ സാനിട്ടറിയൂണിറ്റ് ഉള്ളവരാണെന്നും അതിനാൽ ഇവർക്ക് നൽകിയ ആനുകൂല്യം തിരികെ ഈടാക്കണമെന്ന് 9.11.16 ലെ 19-ാം നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

*ഗുണഭോക്താവിന്റെ പേര്, മേൽവിലാസം*

1. അച്ചാമ്മ ചാക്കോ, ഇട്ടിയവിര തുണ്ടിയിൽ
2. ലിസി ജയിംസ്, കൊച്ചു പുത്തൻ പുരയ്ക്കൽ തുണ്ടിയിൽ
3. ജെസി സണ്ണി, ളാഹേത്ത് ചെട്ടിപ്പറമ്പിൽ

അപാകം സംബന്ധിച്ച് 27.09.2017 തീയതിയിൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയിരുന്നില്ല. ആനുകൂല്യത്തിന് അർഹരല്ലാത്ത മേൽ വ്യക്തികൾ കൈപ്പറ്റിയ വികസന ഫണ്ട് വിഹിതം നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ ടി വ്യക്തികൾക്കായി അനുവദിച്ച 22500/- രൂപ (ബിൽ നം. 1/24.9.16) നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ. ജയകൃഷ്ണനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് പരിചരണം - ആധികാരികമല്ലാത്ത രേഖകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചു

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഹോം കെയർ നടത്തിയതിന് വാഹന വാടക, ഭക്ഷണം എന്നീ ഇനങ്ങളിലായി തുക ചെലവഴിച്ചിട്ടുണ്ട്. വാഹനം ഓടിയതിന്റെയും ഭക്ഷണം കഴിച്ചതിന്റെയും തീയതികൾ രേഖപ്പെടുത്താതെ ഒരു മാസം വാഹനം ഓടിയതിന്റെയും ഹോം കെയർ ടീം ഭക്ഷണം കഴിച്ചതിന്റെയും ആകെ ദിവസങ്ങളുടെ എണ്ണം മാത്രമാണ് വാഹന ഉടമയും ഹോട്ടലുടമയും തുക കൈപ്പറ്റിയിട്ടുള്ള രസീതിൽ രേഖപ്പെടുത്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹന വാടക | | | | |
|---|---|---|---|---|
| പ്രോജക്ട് നം. | മാസം | വാഹനം ഓടിയ തീയതികളുടെ എണ്ണം | തുക | ബിൽ നം./ തീയതി |
| S0057/17 | മാർച്ച് 2016 | 11 | 10450(11*950) | 1/16.11.16 |
| | ഏപ്രിൽ 2016 | 14 | 13300(14*950) | “ |
| | മെയ് 2016 | 14 | 13300(14*950) | “ |
| | ജൂൺ 2016 | 15 | 14250(15*950) | “ |
| | ജൂലൈ 2016 | 2 | 1900(2*950) | “ |
| | ജൂലൈ 2016 | 10 | 6700(670*10) | “ |
| | ഓഗസ്റ്റ് 2016 | 13 | 8710(13*670) | “ |
| | ഓഗസ്റ്റ് 2016 | 16 | 10720(16*670) | “ |
| S0036/17 | ഒക്ടോബർ 2016 | 14 | 9380(14*670) | 7/27.3.17 |
| “ | നവംബർ 2016 | 16 | 10720(16*670) | “ |
| S0036/17 | ഡിസംബർ 2016 | 16 | 10720(16*670) | “ |
| “ | ജനുവരി 2017 | 16 | 10720(16*670) | “ |
| “ | ഫെബ്രുവരി 2017 | 16 | 10720(16*670) | “ |
| ആകെ | | | 131590 | |

| ഭക്ഷണം | | | | | |
|---|---|---|---|---|---|
| മാസം | പ്രോജക്ട് | തീയതികളുടെ | തുക | ബിൽ നം./ | റിമാർക്ക്സ് |

| | നം. | ആകെഎണ്ണം | | തീയതി | |
|---|---|---|---|---|---|
| | S0057/17 | രേഖപ്പെടുത്തി യിട്ടില്ല | 7990 | 2/15.2.17 | ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ തുക എന്ന് കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| മാർച്ച് 2016 | S0036/17 | 10 | 2400 | 7/27.3.17 | |
| ഏപ്രിൽ2017 | " | 6 | 1440 | " | |
| മെയ് 2017 | " | 20 | 1200 | " | |
| ജൂൺ2017 | " | 9 | 2160 | " | |
| ജൂലൈ2017 | " | 8 | 1920 | ' | |
| ഓഗസ്റ്റ്2017 | " | 8 | 1920 | ' | |
| സെപ്റ്റംബർ2016 | " | 4 | 960 | ' | |
| ഒക്ടോബർ 2016 | " | 8 | 2880 | ' | |
| നവംബർ2016 | " | 8 | 1920 | " | |
| ഡിസംബർ2016 | " | 10 | 1860 | " | |
| ഡിസംബർ2016 | " | 7 | 1680 | " | |
| ജനുവരി2017 | " | 9 | 2160 | " | |
| ജനുവരി2017 | " | 6 | 1320 | " | |
| ഫെബ്രുവരി2017 | " | 5 | 1200 | " | |
| ഫെബ്രുവരി2017 | " | 11 | 2160 | " | |
| ആകെ | | | 35170 | | |

ഭവന സന്ദർശനം നടത്തിയ തീയതികൾ രേഖപ്പെടുത്താതെയുള്ള കൈപ്പറ്റ് രസീതുകൾ ആധികാരികമല്ല. 2016 ജൂൺ മാസം വരെയും ജൂലൈ മാസം ആദ്യമുള്ള രണ്ട് ഓട്ടങ്ങൾക്കും 950 രൂപ നിരക്കിലും ജൂലൈ മാസത്തെ തുടർന്നുള്ള ഓട്ടങ്ങൾക്കും പിന്നീടുള്ള മാസങ്ങളിലുമായി 670 രൂപ നിരക്കിലാണ് വാഹനവാടക നൽകിയിരുന്നത്. ഒരേ സാമ്പത്തിക വർഷം വ്യത്യസ്ത നിരക്കിൽ വാഹന വാടക നൽകിയത്

വിശദീകരണാർഹമാണ്. വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് , വാഹനം വാടകയ്ക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/25.9.17) യാതൊരു മറുപടിയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിരുന്നില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ വാഹന വാടക ഭക്ഷണ ചെലവ് എന്നീ ഇനങ്ങൾക്കായി ആകെ ചെലവഴിച്ച 166760/-രൂപ തടസ്സപ്പെടുത്തുന്നു. പാലിയേറ്റീവ് പരിചരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയും ജാഗ്രത പുലർത്തേണ്ടതാണ്.

## 3-10 മരുന്നുകൾ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

1. പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നൽകുന്നതിനായി തുക പിൻവലിച്ചിരുന്നെങ്കിലും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | ബിൽ നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| പാലിയേറ്റീവ് കെയർ | S0036/17 | 50000/- | 4/16-17 തീയതി. 22-3-2017 | സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല |
| പി എച്ച് സിയ്ക്ക് മരുന്ന് വാങ്ങൽ | S0035/17 | 100000/- | 3/22.3.17 | |
| ആകെ | | 150000/- | | |

രോഗങ്ങളാൽ അങ്ങേയറ്റം ദുരിതം അനുഭവിക്കുന്ന വിഭാഗമാണ് പാലിയേറ്റീവ് പരിചരണത്തിന് അർഹരായുള്ളത്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ അധികൃതരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 150000/-രൂപ തടസ്സപ്പെടുത്തുന്നു.

2. ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ലഭിച്ച ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. S0055/17) പ്രോജക്റ്റിനായി വകയിരുത്തിയിരുന്ന 150000/- രൂപ (ബിൽ നം. 1/16-17തീയതി.16.12.16) മരുന്നിനായി ഹോംകോയിൽ ൽകിയിരുന്നു. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 അംഗീകാരമില്ലാത്ത ഫാമുകളിൽ നിന്ന് മുട്ടക്കോഴികളെ വാങ്ങി

വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണം പ്രോജക്ട് പ്രകാരം ജോസഫ് എഗ്ഗർ നഴ്സറി, തകഴി, സൊണാലി എഗ്ഗർ നഴ്സറി, ആല, പ്രഭാ എഗ്ഗർ നഴ്സറി, ആല എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് മുട്ടക്കോഴികളെ വാങ്ങിയിട്ടുള്ളത്. ഇവയിൽ സൊണാലി എഗ്ഗർ നഴ്സറി, ആല, പ്രഭാ എഗ്ഗർ നഴ്സറി, ആല

എന്നീ ഫാമുകൾ സർക്കാർ അംഗീകാരമുള്ളവയാണെന്ന് തെളിയിക്കുന്ന രേഖകൾ, മൂന്ന് സ്ഥാപനങ്ങളും ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | വികസന ഫണ്ട് | | ഗുണഭോക്തൃ വിഹിതം | |
|---|---|---|---|---|---|
| | | തുക | ബിൽ നം./ തീയതി | തുക | ചെക്ക് നമ്പർ/തീയതി |
| കോഴി വളർത്തൽ (ജനറൽ) | S0070/17 | 48000 | 1/23.2.17 | 106000 | 5571428/20.2.17 |
| പട്ടിക ജാതി യുവജനങ്ങൾക്ക് കോഴി വളർത്തൽ (എസ് സി) | S0152/17 | 6000 | 2/28.2.17 | | |
| ആകെ | | 54000 | | | |

രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ മേൽ ഫാമുകൾക്ക് അനുവദിച്ച 54000/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ ഫാമുകൾ ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്..

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക്

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*a) രസീത് & പെയ്മെന്റ് അക്കൌണ്ട്.*

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2993176 |
| വരവ് | 26584826 |
| ആകെ | 29578002 |
| ചെലവ് | 24157151 |
| നീക്കിയിരിപ്പ് | 5420851 |

1. നീക്കിയിരിപ്പ് തുക പാസ്സ്ബുക്ക്, സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

RP15

ഉത്പാദന മേഖലയിലുള്ള ചെലവുകളിൽ 250100101 പ്രകാരമുള്ള ചെലവ് 726983/- രൂപയാണ് (നെല്ലുല്പാദനം). എന്നാൽ RP15 ൽ ഇത് 782319/- എന്ന് രേഖപ്പെടുത്തി കാണുന്നു. മറ്റ് വിളകൾക്കുള്ള ചെലവ് 234696/- രൂപയാണ്. എന്നാൽ RP15 ൽ ഇത് 133647/- രൂപയാണ്. RP15 ൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് 250104101 ഹെഡിൽ 1,00,000/- രൂപ ചെലവ് രേഖപ്പെടുത്തികാണുന്നു. എന്നാൽ ഇപ്രകാരം ഒരു ചെലവില്ല. ചെലവുകൾ അക്കൌണ്ട് ചെയ്യുന്നതിൽ ഹെഡ്ഡുകളുടെ കൃത്യത പാലിക്കപ്പെട്ടിട്ടില്ല.

2. റിക്കവറീസ് പേയബിൾ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

2015-16 ലെ B9 സ്റ്റേറ്റ്മെന്റ് പ്രകാരം റിക്കവറീസ് പേയബിൾ 537894/- രൂപയാണ്. 2016-17 ലെ RP36 പ്രകാരം ഈയിനത്തിൽ ചെലവ് അരിയർ, കറണ്ട് ഇനം തിരിച്ച് കാണിച്ചിട്ടില്ലാത്തതിനാൽ മുൻവർഷം കൊടുക്കാനുള്ളതായി സൂചിപ്പിച്ചിട്ടുള്ള തുകകൾ കൊടുത്തോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

*b) <u>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>*

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷപ്തം താഴെപറയുന്നു.

| | |
|---|---|
| ആദായം | 53807760 |
| ചെലവ് | 56214076 |
| ഡെഫിസിറ്റ് | 2406316 |

*<u>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ താഴെപ്പറയുന്നു.</u>*

1. വസ്തു നികുതി - ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ വിവരങ്ങൾ കൃത്യമല്ല.

താഴെപ്പറയും പ്രകാരം ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വരേണ്ട തുക 3387630/- രൂപയാണെങ്കിലും 3310901/- രൂപ മാത്രമാണ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടുള്ളത്.

| | |
|---|---|
| രസീത് & പേയ്മെന്റ് പ്രകാരമുള്ള ആകെ വരവ് | 3907145 |
| (+) മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം മുൻകൂർ വാങ്ങിയത് | 2272 |
| (+) തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം കിട്ടാനുള്ളത് | 1638989 |
| ഡിമാന്റ് | 5548406 |
| (-) തൻവർഷത്തെ RP43 പ്രകാരമുള്ള കുടിശ്ശിക വരവ് | 2159350 |
| (-) തൻവർഷ B9 പ്രകാരമുള്ള മുൻകൂർ പിരിവ് | 1426 |
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വരേണ്ട തുക | 3387630 |
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് | 3310901 |

2. l-l

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡി.സി.ബി. പ്രകാരം പ്രോപ്പർട്ടി ടാക്സ് ഇനത്തിലുള്ള ഡിമാന്റ് 1824434/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഇത് 3310901/- രൂപയാണ്. ഡിമാന്റുകൾ തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു.

*c) <u>ബാലൻസ് ഷീറ്റ്</u>*

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 23483164 |
| ആകെ ബാധ്യത | 22395850 |
| പഞ്ചായത്ത് ഫണ്ട് | 1087313 |

*<u>ബാലൻസ് ഷീറ്റ് പരിശോധയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.</u>*

1. B11-

1. തൻവർഷ അസ്റ്റുകളുടെ മൂല്യം അസറ്റ് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല.

2. 2016-17 വർഷം ആർജ്ജിച്ച ജംഗമ വസ്തുക്കളുടെ മൂല്യം സ്റ്റോക്ക് എൻട്രി നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കാത്തതിനാൽ B9 ഷെഡ്യൂളിലെ ജംഗമ അസറ്റുകളുടെ കൃത്യ ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 130619 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 97619 | 33000 |
| | | 306800 | ഒ.ഡി.എഫ് ഗുണഭോക്താക്കൾ | 259600 | 47200 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 82925 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ഇല്ല | 82925 |
| | ആകെ | 520344 | | 357219 | 163125 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 106/16 പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 426/16, തീയതി. 07.10.2016 | 35000 | - | 35000 |
| ,, | ,, | - | 3500 | - | 3500 |
| | ആകെ | | 38500 | | 38500/- |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2647/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 1990-91 | 21 | 247 | രാധാകൃഷ്ണൻ. റ്റി, സെക്രട്ടറി | 11601100640<br>തീയതി. 27.05.2016 |
| 2013-14 | 3-3 | 2400 | വിരാജ് തമ്പുരാൻ, വി.ഇ.ഒ | 11601101067<br>തീയതി. 11.7.2016 |
| | ആകെ | 2647/- | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 1(1) | 2011-12 | 1(എ) | ക്യാഷ് ബുക്ക് അപൂർണ്ണം | ജി.ഒ.പി നം. – 319/2003 ധന/ 12.6.2003 ഉത്തരവ് പ്രകാരം ക്യാഷ് ബുക്ക് എഴുതി നൽകിയിട്ടുണ്ട് |
| | 1(2) | 2011-12 | | ചെലവ് രജിസ്റ്റർ അപൂർണ്ണം | ചെലവ് രജിസ്റ്റർ എഴുതിയിട്ടുണ്ട്. |
| | 1(3) | 2011-12 | | വൗച്ചറുകൾക്ക് നമ്പരില്ല. ചെലവുകൾ പ്രസിഡന്റ് അധികാരപ്പെടുത്തിയിട്ടില്ല. | വൗച്ചറുകൾക്ക് നമ്പരിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുകൾ പ്രസിഡന്റ് അധികാരപ്പെടുത്തിയിട്ടുണ്ട്. |
| | 3(1)എ | 2011-12 | 2(എ) | സെൽഫ് ചെക്കായി 119892/- രൂപ പിൻവലിച്ചു. 27397/-രൂപയുടെ ധനാപഹരണം. | ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള അപാകത പരിഹരിച്ചിട്ടുണ്ട്. 10450/-രൂപ 18% പലിശ സഹിതം മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| | 3(1)ബി | ,, | 2(ബി) | 1. റിക്കവറിക്കായി പിൻവലിച്ച തുകയിൽ | ശ്രീ. ശർമ്മ, H.C യുടെ 10/2009 ലെ KSFE - റിക്കവറി ചെക്ക് നം. |

| | | | | | |
|---|---|---|---|---|---|
| | | | | ക്രമക്കേട്<br>2. ഓണം അഡ്വാൻസ് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.<br>3. ശ്രീ.ശർമ്മ, H.C യുടെ 10/2009 ലെ KSFE - റിക്കവറി | 472/- 22-10-2009 പ്രകാരം 600/- രൂപയും ചെക്ക് നമ്പർ-2015, 20-01-2010 പ്രകാരം 4000/- രൂപയും ഫെഡറൽ ബാങ്കിന്റെ തിരുവൻവണ്ടൂർ ശാഖയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്ന് എഴുകോൺ KSFE യിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| | | ,, | 2(ബി)4 | ശ്രീ. ശർമ്മ, H.C യുടെ HBA റിക്കവറി | ശ്രീ. ശർമ്മ, H.C യുടെ റിക്കവറി അടച്ചതായി കാണുന്നില്ല. |
| | | ,, | 2(ബി)4 | ശ്രീ. സന്തോഷ്, പ്യൂൺ 10/2009 ലെ കോർട്ട് അറ്റാച്ച്മെന്റ് | ജീവനക്കാരുടെ കെ.പി.ഇ.പി.എഫ് 11190/- രൂപ 1504 നമ്പർ ചെല്ലാൻ പ്രകാരവും ജി.ഐ.എസ് 600/- രൂപ 1483 നമ്പർ ചെല്ലാൻ പ്രകാരവും എസ്.എൽ.ഐ 900/- രൂപ 1491 നമ്പർ ചെല്ലാൻ പ്രകാരവും ചെങ്ങന്നൂർ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ LIC തുക 105 രൂപ ഒടുക്കിയതിന്റെ രേഖ ഇല്ല. |
| 2009/10 | 3-2 | 2011/12 | 3 | പി.എച്ച്.സി അറ്റകുറ്റ പണി ബാക്കി തുക ഡെപ്പോസിറ്റ് റീഫണ്ട് 71535/- രൂപയുടെ ക്രമക്കേട് | രേഖകൾ ഹാജരാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2009/10 | 3-2(എ) | 2011/12 | 3(എ) | പിൻവലിക്കൽ ക്രമ വിരുദ്ധം,<br>49035/-രൂപ പിൻവലിച്ചതിന് ക്രമക്കേട് | 49035/-രൂപയും 18%പലിശയും മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2009/10 | 3-2(ബി) | 2011-12 | 3(ബി) | EMD-SD, റീഫണ്ട് പിൻവലിക്കൽ ക്രമവിരുദ്ധം രൂപ 22500/- | 22500/- രൂപ 18% പലിശ സഹിതം മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട് |
| 2009/10 | 3-3 | 2011/12 | | ചെലവുകൾ അപൂർണ്ണം ഉള്ള വിവരങ്ങൾ വാസ്തവ വിരുദ്ധം. | ചെലവു രജിസ്റ്ററുകൾ കൃത്യമാക്കിയിട്ടുണ്ട്. |
| 2009/10 | 1-4 | 2011/12 | 5 | പ്രസിഡന്റിന്റെ അനുമതിയില്ലാതെ 216561/- രൂപ ചിലവഴിച്ചത് | ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്. |

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26584826 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 24157151 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 56950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1604753 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 3970 | ശ്രീ. ജയകൃഷ്ണൻ, വി.ഇ.ഒ |
| 3-6 | | 30480 | ശ്രീ. ഷാജഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | | 22500 | ശ്രീ. ജയകൃഷ്ണൻ, വി.ഇ.ഒ |
| ആകെ | | 56950/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4-2 (എ) | 272000 | ശ്രീ. ജയകൃഷ്ണൻ, വി.ഇ.ഒ |
| 3-4-2 (ബി) | 793993 | ശ്രീ. ജയകൃഷ്ണൻ, വി.ഇ.ഒ |
| 3-7 | 18000 | ശ്രീമതി. ആനി കുരുവിള, ഹെഡ്മിസ്ട്രസ്സ് |
| 3-9 | 166760 | ഡോ. മിന്റോ മാർക്കോസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10(1) | 150000 | ഡോ. മിന്റോ മാർക്കോസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10(2) | 150000 | ഡോ. പത്മജ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-11 | 54000 | ഡോ. അമ്പിളി തങ്കപ്പൻ, വെറ്റിനറി സർജൻ |

| | | |
|---|---|---|
| ആകെ | 1604753 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയകൃഷ്ണൻ, വി.ഇ.ഒ | വി.ഇ.ഒ,<br>പെരിങ്ങര ഗ്രാമപഞ്ചായത്ത് | കുറിയന്നൂർ കാട്ടിൽ,<br>കുട്ടമ്പേരൂർ പി.ഒ |
| ഷാജഹാൻ. വൈ,<br>അസ്സിസ്റ്റന്റ് സെക്രട്ടറി | അസ്സിസ്റ്റന്റ് സെക്രട്ടറി,<br>തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് | പുന്നറ വീട്,<br>കരീലക്കുളങ്ങര പി.ഒ,<br>പത്തിയൂർ പടിഞ്ഞാറ്,<br>കായംകുളം |
| ശ്രീമതി. ആനി കുരുവിള,<br>ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, മഴുക്കീർ | കൊഴിയടിയിൽ,<br>തിരുമൂലപുരം പി.ഒ, തിരുവല്ല |
| ഡോ. മിന്റോ മാർക്കോസ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ലഭ്യമല്ല | തുമ്പിപ്പറമ്പിൽ ഹൌസ്,<br>നിലംപേരൂർ പി.ഒ,<br>കുറിച്ചി |
| ഡോ. പത്മജ,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഗവ.ഹോമിയോ<br>ഡിസ്പെൻസറി,മാന്നാർ | പ്രസന്ന വിലാസം,<br>കുറ്റൂർ പി.ഒ, തിരുവല്ല |
| ഡോ. അമ്പിളി തങ്കപ്പൻ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി<br>ഡിസ്പെൻസറി, പുലിയൂർ | പത്മനാഭം,<br>കല്ലിശ്ശേരി പി.ഒ, ചെങ്ങന്നൂർ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 | എൽ.എഫ്.എ.8/321/01/17.04.01/08.06.01 ചെലവ് |
| 1997/98 | എൽ.എഫ്.എ.8/320/01/17.04.01/08.06.01 |
| 1998/99 | എൽ.എഫ്.എ.8/1314/02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315/02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943/05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943/05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |
| 2003/04 | എൽ.എഫ്.എ.11/943/08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737/10/31.10.11 |
| 2005/06 | എൽ.എഫ്.എ.11/738/10/31.10.11 |
| 2006/07 | എൽ.എഫ്.എ.7/26/27.07.12 |
| 2007/08 | എൽ.എഫ്.എ.7/27/27.07.12 |
| 2008/09 | എൽ.എഫ്.എ.7/28/27.07.12 |
| 2009/10 | എൽ.എഫ്.എ.7/29/27.07.12 |
| 2010/11 | എൽ.എഫ്.എ.പി7/23/12/06.08.12/04.10.12 |

| | |
|---|---|
| 2011/12 | എൽ.എഫ്.എ.പി7/1002/14/10.10.14 |
| 2012/13 | എൽ.എഫ്.എ.പി7/347/15/03.0615/04.08.15 |
| 2013/14 | കെ.എസ്.എ.എ.എൽ.പി.പി.7/405/2016/26.03.16 |
| 2014/15 | കെ.എസ്.എ.എ.എൽ.പി/പി 7-832/2016/29.07.16/03.08.16 |
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി 14/44/2017 തീ.30.01.2017 |

.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽപി-പി14-1241/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി: 03.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P14- 1241/17

Kerala State Audit Department,

District Audit Office,Alappuzha.

Date: 03.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thiruvanvandoor Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Thiruvanvandoor Grama Panchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

.
.
.
.

Deputy Director

Kerala State Audit Department

Alappuzha